**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3158** **07-11-2019 ൽ മറുപടിക്ക്**

**പട്ടയം നൽകുന്നതിന് തടസ്സമായിട്ടുള്ള കേസുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

(എ) നടപ്പ് വർഷം സംസ്ഥാനത്ത് എത്ര പട്ടയങ്ങൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ചുള്ള വിശദീകരണം ലഭ്യമാക്കുമോ;

(എ) നടപ്പുവർഷം സംസ്ഥാനത്ത് 23756 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | നടപ്പുവർഷം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന പട്ടയങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 650 |
| കൊല്ലം | 187 |
| പത്തനംതിട്ട | 352 |
| ആലപ്പുഴ | 236 |
| കോട്ടയം | 200 |
| ഇടുക്കി | 10000 |
| എറണാകുളം | 758 |
| തൃശ്ശൂർ | 1378 |
| പാലക്കാട് | 2128 |
| മലപ്പുറം | 3333 |
| കോഴിക്കോട് | 1000 |
| വയനാട് | 500 |
| കണ്ണൂർ | 1116 |
| കാസറഗോഡ് | 1918 |
| **ആകെ** | **23756** |

(ബി) കോട്ടയം ജില്ലയിലെ ആലപ്ര, പൊന്തൻപുഴ, മേലേൽ കവല, പത്തനംതിട്ട ജില്ലയിലെ പെരുമ്പെട്ടി എന്നിവിടങ്ങളിൽ പട്ടയം വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ സ്ഥലങ്ങളിലെ ജനങ്ങൾക്ക് എപ്പോൾ പട്ടയം നൽകുമെന്ന് വ്യക്തമാക്കുമോ;

(ബി) പത്തനംതിട്ട ജില്ലയിലെ പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ വ്യക്തിഗത കൈവശങ്ങൾ അളന്ന് തിരിച്ച് മഹസ്സർ തയ്യാറാക്കുന്ന സർവ്വെ നടപടികൾ പൂർത്തിയാക്കി 12(1) നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 37 സർവ്വെ ഫീൽഡുകളിലായി നാളിത് വരെയായി ഭൂമി പതിവിനായി 733 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

ഇവർ 60 വർഷത്തിലധികമായി പ്രസ്തുത ഭൂമി കൈവശം വെച്ചു വരുന്നു. വ്യക്തിഗത കൈവശങ്ങളുടെ സർവ്വെ നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. പട്ടയനടപടികളുടെ ഭാഗമായി പതിവുത്തരവ് നൽകുന്നതിന് മുമ്പായി കൈവശഭൂമിയിൽ നിൽക്കുന്ന 1390 ഓളം മരങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പെരുമ്പെട്ടി വില്ലേജിലെ ബ്ലോക്ക് നമ്പർ 34 ൽ റീസർവ്വെ നമ്പർ 174 മുതൽ 192 വരെയും 194 മുതൽ 211 വരെയുമുള്ള സബ്ഡിവിഷനുകളിൽ ഉൾപ്പെട്ട കൈവശഭൂമി വനംവകുപ്പിന്റെ 31.05.1958 ലെ നോട്ടിഫിക്കേഷൻ നമ്പർ F(A)2/1089/57/AD പ്രകാരം വലിയകാവ് റിസർവ്വിന്റെ പരിധിക്ക് പുറത്തായി സ്ഥിതി ചെയ്യുന്നതായി സംയുക്ത പരിശോധനയിൽ വ്യക്തമായിട്ടുള്ളതായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ കരം കാണിക്കുന്ന കോളം 5 ൽ പുറമ്പോക്ക് എന്നും ഭൂവുടമയുടെ പേര് കാണിക്കുന്ന കോളം 9 ൽ സർക്കാർ എന്നും റിമാർക്സ് കോളം 10 ൽ ചിലതിൽ കൈവശക്കാരുടെ പേരുവിവരങ്ങളും മറ്റ് ചിലതിൽ റിസർവ്വെ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ചില സർവ്വെ നമ്പറുകളിൽ റിസർവ് ഫോറസ്റ്റ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തി പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമിക്ക് 1964 ലെ ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിലെ ആലപ്ര വനഭൂമിയുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന എം.എസ്.എ 1/81 നമ്പർ കേസ് സ്വകാര്യ വ്യക്തികൾക്ക് അനുകൂലമായി വിധി ആയിട്ടുള്ളതിനാൽ ടി വിധിക്കെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും ആയത് നടപടിയിൽ ഇരിക്കുന്നതുമാണ്. ടി കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കി മാത്രമേ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

| | |
|---|---|
| (സി) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് പട്ടയം നൽകുന്നതിന് തടസ്സമായിട്ടുള്ള കേസുകൾ നിലവിലുള്ളത്; എങ്കിൽ ഇവ അടിയന്തരമായി തീർപ്പാക്കി പട്ടയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) തിരുവനന്തപുരം ജില്ലയിൽ പതിവിന് വിധേയമല്ലാത്ത ചാനൽ പുറമ്പോക്ക്, കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക്, റോഡ് പുറമ്പോക്ക്, റെയിൽവേ പുറമ്പോക്ക്, പാറപുറമ്പോക്ക്, കാട് പുറമ്പോക്ക്, കാവ് പുറമ്പോക്ക്, പഞ്ചായത്ത് തരിശ്, ദേവസ്വം പുറമ്പോക്ക് എന്നീ |

പ്രദേശങ്ങളിലെ കൈവശക്കാർക്കും അഞ്ചുചങ്ങല പ്രദേശത്തെ നെയ്യാർഡാം സംരക്ഷിത മേഖലയിലെ കൈവശക്കാർക്കും പട്ടയം അനുവദിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടയം നൽകുന്നതിനായി ഏറ്റെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട് കോടതി കേസുകൾ നിലവിലുള്ളതാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്ത 832 പട്ടയങ്ങളിൽ 345 പട്ടയങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ളതും ഭൂമി വിതരണം ചെയ്യാൻ കഴിയാത്തതുമായ പട്ടയങ്ങളിന്മേലുള്ള ഭൂമിയുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി, സബ്കോടതി, മുൻസിഫ് കോടതി എന്നിവിടങ്ങളിൽ നിരവധി കേസുകൾ നിലനിൽക്കുന്നുണ്ട്. ടി ഭൂരിഭാഗം കേസുകളിലും സ്റ്റേയും നിലനിൽക്കുന്നു. ടി കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് മാത്രമേ തയ്യാറാക്കിയിട്ടുള്ള പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. ലോംഗ് പെന്റിംഗ് കേസുകൾ തീർപ്പാക്കുന്നതിന് അഡ്വാൻസ് പോസ്റ്റിംഗ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നതും ജില്ലാ തല എംപവേർഡ് യോഗങ്ങളിൽ സർക്കാർ പ്ലീഡർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽപ്പെട്ട ആലപ്ര പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ബഹു.കേരള ഹൈക്കോടതിയിൽ എം.എസ്.എ 1/81 നമ്പർ കേസുള്ളതിനാൽ തടസ്സപ്പെട്ടിരിക്കുന്നു. ടി കേസിലെ വിധിക്കെതിരെ സർക്കാർ ഹൈക്കോടതിൽ പുന: പരിശോധന ഹർജി ഫയൽ ചെയ്തിട്ടുള്ളതും ആയത് നടപടിയിൽ ഇരിക്കുന്നതുമാണ്. എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ വില്ലേജിലെ മണികണ്ഠൻചാൽ, കല്ലേലിമേട് ഭാഗത്തെ വനഭൂമി കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് സർവ്വേ റിക്കാർഡുകൾ പ്രകാരം ഹിൽമെൻ സെറ്റിൽമെന്റ് എന്ന രേഖപ്പെടുത്തലുകൾ തടസ്സമായി നിലവിലുള്ളതാണ്. പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കണയന്നൂർ താലൂക്കിലെ കോന്തുരത്തി കോളനി, മാനവനഗർ കോളനി, പണ്ടാരച്ചിറ കോളനി, സൂര്യ നഗർ കോളനി എന്നിവിടങ്ങളിലായി ഏകദേശം 150 പട്ടയങ്ങൾ പ്രസ്തുത സ്ഥലം പുഴ

പുറമ്പോക്കായതിനാൽ ബഹു.കേരള ഹൈക്കോടതിയുടെ ഒ.പി.നം. 16077/96 നമ്പർ വിലക്ക് മാനിച്ച് നൽകവാൻ സാധിക്കുകയില്ല. വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ തവിഞ്ഞാൽ വില്ലേജിൽ റീസർവ്വെ നം. 68/1 ബി, റീസർവ്വെ 90/1 എന്നിവയിൽപ്പെട്ടതും, മിലട്ടറി ഉദ്യോഗസ്ഥർ ഉൾപ്പെടെ 364 പേർക്ക് പതിച്ചു നൽകിയിട്ടുള്ളതുമായ ഭൂമിയിൽ നിലവിൽ ഏകദേശം 762 പേർ കൈയ്യേറി കൈവശം വച്ച് വരുന്നുണ്ട്. പട്ടയം ലഭിച്ചിട്ടുള്ളവർ ഭൂമി കൈവശം വയ്ക്കാത്തതിനാൽ നിലവിലെ കൈവശക്കാർക്ക് ഭൂമി പതിച്ചു നൽകുന്നതിന് സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ മേൽ പരാമർശിച്ച ഭൂമിയിൽ നിന്നും നഷ്ടപ്പെട്ട 3614 ഈട്ടി മരങ്ങളുടെ ബാധ്യത കണക്കാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാലും, 990.12 ഏക്കർ ഒട്ടുളവിലുള്ള മേൽ പരാമർശിച്ച ഭൂമിയിൽ നിലവിലെ താമസക്കാർ കൈവശം വച്ച് വരുന്ന ഭൂമി യഥാർത്ഥത്തിൽ ഏത് പട്ടയത്തിൽ ഉൾപ്പെട്ടതാണെന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാലും, പട്ടയം റദ്ദ് ചെയ്യുന്നതിന് കൂടുതൽ സമയ ദൈർഘ്യം ആവശ്യമാണെന്നതും പ്രസ്തുത ഭൂമിയിലെ നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് തടസ്സമാകുന്നുണ്ട്. വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ അമ്പലവയൽ വില്ലേജിൽ സർവ്വെ നം.298/1 എ 1 എ 1 എ ൽപ്പെട്ട 526.33 ഏക്കർ ഭൂമി ഭൂരഹിതരായ ആദിവാസികളെ പുനരധി വസിപ്പിക്കുന്നതിനായുള്ള ചീങ്ങേരി ട്രൈബൽ സ്കീമിന്റെ ഭാഗമായി നീക്കി വച്ചിട്ടുള്ളതാണ്. ഭൂരഹിതരായ ആദിവാസികളുടെ പുനരധിവാസ ത്തിനായി നീക്കിവച്ച ഭൂമിയിൽ മറ്റ് വിഭാഗത്തിൽപ്പെട്ടവരും വർഷങ്ങളായി താമസിച്ചു വരുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കായി നീക്കിവച്ച ഭൂമി മറ്റ് വിഭാഗക്കാർക്ക് പതിച്ചു നൽകാൻ സാധിക്കുകയില്ല എന്നതിനാലാണ് 61 ഓളം പട്ടയഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ സാധിച്ചിട്ടില്ലാത്തത്.

സെക്ഷൻ ഓഫീസർ